(ഇ) ഉണ്ട്.

(എഫ്) 19-5-2003-ൽ ഹൈക്കോടതി ഉത്തരവ് പ്രകാരം ഫീസ് നിശ്ചയിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഫീ ഫിക്സേഷൻ കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. ഈ കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ കൂടാതെ ആരോഗ്യ വകുപ്പ് സെക്രട്ടറി, അഡീഷണൽ ലോ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളാണ്. 7-7-2003-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ ചർച്ചയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

(ജി) ഇല്ല.

(എച്ച്) കോലഞ്ചേരി മെഡിക്കൽ മിഷൻ 3.71 ലക്ഷം രൂപയും കാരക്കോണം മെഡിക്കൽ കോളേജ് 3 ലക്ഷം രൂപയിൽ കുറയാത്ത ഫീസുമാണ് ആവശ്യപ്പെട്ടത്.

സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ചുള്ള കേസ്

158 (3720) ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്കക്കാർക്ക് മാത്രം ബാധകമായതും സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ചുള്ളതുമായ എന്തെങ്കിലും കേസ് സുപ്രീം കോടയിൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിൽ മാനേജ്മെന്റിന് എത്ര ശതമാനം സീറ്റ് നൽകാമെന്ന ഓഫറാണ് സംസ്ഥാന ഗവൺമെന്റ് വച്ചത് ;

(ഡി) ഇത് മാനേജുമെന്റുകൾക്ക് സ്വീകാര്യമായിരുന്നുവോ ; ഇപ്പോൾ കർണ്ണാടക സ്വാശ്രയ മാനേജ്മെന്റുകളുടെ അഡ്മിഷൻ സംബന്ധിച്ച അപ്പീൽ കേസിൽ മാനേജുമെന്റുകൾക്ക് 25% സീറ്റ് നൽകിയാൽ മതിയെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജ് മാനേജ്മെന്റിന് 25% സീറ്റ് മാത്രം നൽകിയാൽ മതിയെന്ന് സുപ്രീം കോടതിയിൽ ഉന്നയിക്കാൻ ഉദ്ദേശമുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) ഈ കേസിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന അഭിഭാഷകൻ ആരെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) 50% സീറ്റാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) രണ്ട് മാനേജ്മെന്റുകൾക്ക് സ്വീകാര്യമായിരുന്നില്ല. ഇല്ല. കർണ്ണാടക ഹൈക്കോടതി ഉത്തരവുണ്ടായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 50% എന്ന പ്രഖ്യാപിത നയം സർക്കാർ സ്വീകരിച്ചിട്ടുള്ളതുകൊണ്ട്.

(ജി) ശ്രീ. കെ. കെ. വേണുഗോപാൽ.

"സേ" പരീക്ഷ ജയിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം സാധ്യമാക്കാൻ നടപടി

159 (3722) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനത്തിന് "സേ" പരീക്ഷ പാസ്സായി വന്ന വിദ്യാർത്ഥികളെ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) "സേ" പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ലഭിക്കാൻ വൈകിയത് കാരണം കൗൺസിലിംഗിന് പങ്കെടുക്കാൻ നിരവധി വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഒഴിവുള്ള സീറ്റുകളിലേക്കെങ്കിലും പ്രസ്തുത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) "സേ" പരീക്ഷ എഴുതി ജയിക്കുന്ന വിദ്യാർത്ഥികൾക്കു കൂടി മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം സാധ്യമാക്കുന്ന തരത്തിൽ പ്രസ്തുത പരീക്ഷാഫലം നേരത്തെ ആക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗിന് അനുവദിച്ചിട്ടില്ല. എന്നാൽ മെഡിക്കലിന് പരിഗണിച്ചിട്ടുണ്ട്.

(ബി) "സേ" പരീക്ഷയുടെ ഫലം, എഞ്ചിനീയറിംഗ് അലോട്ട്മെന്റിന്റെ അവസാന ദിവസമായ ജൂൺ 30-ന് മാത്രമേ പ്രഖ്യാപിച്ചുള്ളു. അതിനാൽ "സേ" പരീക്ഷ പാസ്സായവരെ എഞ്ചിനീയറിംഗ് അലോട്ട്മെന്റിന് പരിഗണിക്കാൻ കഴിഞ്ഞില്ല. എന്നാൽ ജൂലൈ 2-ന് ആരംഭിച്ച മെഡിക്കൽ അലോട്ട്മെന്റിന് പരിഗണിച്ചിട്ടുണ്ട്. ഒരു വിഷയത്തിൽ തോറ്റതിന് ശേഷം "സേ" പരീക്ഷ എഴുതി യോഗ്യത നേടിയ വിദ്യാർത്ഥികളെ ഒന്നാം റൗണ്ട് അലോട്ട്മെന്റിന് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനമുണ്ടായിരുന്നതിനാൽ ഈ വിഭാഗം വിദ്യാർത്ഥികളെ ആദ്യ റൗണ്ടിൽ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly